പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3548 20.10.2016 -ൽ മറുപടിക്ക്

## നാഷണൽ ഹൈവേ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) നാഷണൽ ഹൈവേയുടെ വികസനത്തിൽ കണ്ണൂർ ജില്ലയിൽ പയ്യന്നൂർ മുതൽ പാപ്പിനിശ്ശേരി വരെയുള്ള ദേശീയ പാതയിൽ (എൻ.എച്ച്-66) വളവുകൾ കുറയ്ക്കുന്നതിനും റോഡിന്റെ ഇരുവശവും അഭിവൃദ്ധിപ്പെടുത്തുന്നതിനും അപകടം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രൊജക്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ദേശീയപാത 66 ൽ പയ്യന്നൂർ മുതൽ പാപ്പിനിശ്ശേരി (കി.മീ 104/000 മുതൽ 126/000) വരെയുള്ള ഭാഗത്ത് റോഡ് വീതി കൂട്ടൽ, വളവ് നിവർത്തൽ, ആവശ്യമായ സ്ഥലത്ത് കലുങ്ക് നീളം കൂട്ടൽ, ഓവുചാൽ നിർമ്മാണം, ഫുട്പാത്ത് നിർമ്മാണം, ഡിവൈഡർ നിർമ്മാണം എന്നിവ നടത്തുന്നതിനു വേണ്ടി 668.36 ലക്ഷം രൂപയുടെ പ്രവൃത്തി ഇപ്പോൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത റോഡിന്റെ ഇപ്പോൾ നടക്കുന്ന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കും; വിശദമാക്കുമോ? | (ബി) ഇതിൽ ഉൾപ്പെട്ട പരിയാരം മെഡിക്കൽ കോളേജിന്റെ മുൻവശം റോഡ് വീതി കൂട്ടുന്ന പ്രവൃത്തി പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തി 2016 ഡിസംബർ 31 നകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ